പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1920 08.06.2018-ലെ മറുപടിക്ക്

## അന്തർ സംസ്ഥാന പാതകളിൽ വാടകയ്ക്ക് ഉപയോഗിക്കുന്ന ബസുകൾ

ചോദ്യം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അന്തർ സംസ്ഥാന പാതകളിൽ നിലവിൽ എത്ര ബസുകൾ കെ.എസ്.ആർ.ടി.സി. വാടകയ്ക്ക് ഉപയോഗിക്കുന്നുണ്ട്; പ്രസ്തുത വാടക ബസുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നു എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | 10 സ്കാനിയ ബസ്സുകൾ വാടക അടിസ്ഥാനത്തിൽ ലഭ്യമാക്കി 5 സർവ്വീസുകൾ നടത്തി വരുന്നു.<br>പ്രസ്തുത വാടക ബസുകൾ കോർപ്പറേഷന് നഷ്ടം വരുത്തുന്നു എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. എന്നാൽ കെ.എസ്.ആർ.ടി.സി.യുടെ സുപ്രധാന അന്തർസംസ്ഥാന റൂട്ടുകളിൽ കൂടുതലായി ആധുനിക സൗകര്യങ്ങളോടുകൂടിയ പ്രീമിയം ക്ലാസ് മൾട്ടി ആക്സിൽ ലക്ഷ്വറി ബസ്സുകൾ ഉൾപ്പെടുത്തണമെന്ന ആവശ്യം ശക്തമായി ഉന്നയിക്കപ്പെടുന്നുണ്ടെങ്കിലും നിലവിൽ കൂടുതൽ മുതൽ മുടക്കുള്ള കെ.എസ്.ആർ.ടി.സി.യുടെ ഉടമസ്ഥതയിലുള്ള അത്തരം ബസ്സുകൾ നിരന്തരം അപകടത്തിൽ പെട്ടും മറ്റും കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. ഇത്തരത്തിൽ കൃത്യമായി ഓപ്പറേറ്റ് ചെയ്യാനാകാത്തതിനാൽ ബസ്സുകളുടെ മുതൽ മുടക്കും വരുമാന നഷ്ടവും സർവ്വോപരി യാത്രക്കാർക്ക് എല്ലാ ദിവസവും സർവ്വീസ് ലഭ്യമാകാതെ വരുന്ന സാഹചര്യം |

| | | | |
|---|---|---|---|
| | | | സംജാതമാകുകയുംചെയ്യുന്നതിനാൽ കെ എസ്.ആർ.ടി.സി.യ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം ഒഴിവാക്കി കൂടുതൽ വരുമാനം നേടുന്നതിനും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായും അപകടരഹിതമായും കെ.എസ്.ആർ.ടി.സി.യ്ക്ക് മുതൽ മുടക്കില്ലാതെയും കൂടുതൽ പ്രീമിയം ക്ലാസ് ലക്ഷ്വറി ബസ്സുകൾ ഓപ്പറേറ്റ് ചെയ്യണമെന്ന ലക്ഷ്യത്തോടു കൂടിയാണ് ടി സർവ്വീസുകൾ ആരംഭിച്ചിട്ടുള്ളത്. |
| (ബി) | 2017 നവംബർ 1 മുതൽ നാളിതുവരെ പ്രസ്തുത ബസുകൾക്ക് വാടകയായി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കുമോ; | (ബി) | 2017 നവംബർ 1 മുതൽ നാളിതുവരെ പ്രസ്തുത ബസ്സുകൾക്ക് വാടകയായി 4,48,98,531 രൂപ നൽകിയിട്ടുണ്ട്. |
| (സി) | ഇതുമായി ബന്ധപ്പെട്ട് എത്ര കമ്പനികളാണ് ടെൻഡറിൽ പങ്കെടുത്തത്; ഒരു കമ്പനി മാത്രമാണ് ടെൻഡറിൽ പങ്കെടുത്തത് എങ്കിൽ ഏക ടെണ്ടർ സ്വീകരിക്കാനിടയായ സാഹചര്യം വ്യക്തമാക്കുമോ; | (സി) | ഒരു കമ്പനി.<br>ASRTU നിരക്കിനേക്കാൾ കുറഞ്ഞ നിരക്കായതിനാലാണ് ടെൻഡർ സ്വീകരിച്ചത്. |
| (ഡി) | ഭീമമായ നഷ്ടം ഉണ്ടാവുന്ന സാഹചര്യത്തിൽ കരാറിൽ നിന്നും പിന്മാറുവാനോ റൂട്ടുകൾ പുനക്രമീകരിക്കുവാനോ കോർപ്പറേഷൻ നടപടി സ്വീകരിക്കുമോ? | (ഡി) | വാടക സ്കാനിയ ബസ്സുകൾ ഉപയോഗിച്ചുള്ള സർവ്വീസുകളിൽ താരതമ്യേന കൂടുതൽ നഷ്ടം ഉണ്ടാക്കുന്ന സർവ്വീസുകളെ പുന:ക്രമീകരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ